RECEIVED
On 21/05/ 2020

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1952(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.12358/SIC-Gen 2/2012**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. പ്രഭാകരൻ,
സ്വാശ്രയ മട്ടാഞ്ചേരി,
സി.സി. XIV/981,
നസ്റത്ത്, കൊച്ചി – 682 002.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൊച്ചി നഗരസഭ മുഖ്യ കാര്യാലയം,
കൊച്ചി – 682 011.

2. അപ്പീൽ അധികാരി &
ടൗൺ പ്ലാനിംഗ് ഓഫീസർ,
കൊച്ചി നഗരസഭ,
കൊച്ചി – 682 011.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 11.04.12ൽ ഒന്നാം എതിർകക്ഷിക്കു സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 'ശ്രീ.വി.ജെ. ഹൈസിന്ത്, ഭാര്യ വിക്ടോറിയലിൻ എന്നിവർ കൊച്ചി നഗരസഭയുടെ അധീനതയിലുള്ള തോട് നികത്തി കൈവശപ്പെടുത്തിയെന്നും, ഇതു സംബന്ധിച്ച് FCPI 937/02 പ്രകാരമുള്ള ഫയലും, നഗരസഭാ കൗൺസിലർ ശ്രീമതി ഉമാ ആന്റണി 16.09.2002ൽ നൽകിയ പരാതിയിലും, മറ്റ് നാട്ടുകാരുടെ പരാതിയിലും, ഉപലോകായുക്ത ജസ്റ്റീസ് എൻ.കൃഷ്ണൻ നായർ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും നഗരസഭ സ്വീകരിച്ച നടപടികൾ എന്തെന്നും ആവശ്യപ്പെട്ടിട്ട് ആയതു ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച് കമ്മീഷൻ 19.10.12ന് എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചു. ഇതിൻപ്രകാരം 06.11.12ൽ ഒന്നാം എതിർകക്ഷി കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"കൊച്ചി നഗരസഭയുടെ കോടിക്കണക്കിനു രൂപ വില വരുന്ന ഭൂമി ഒരു മുൻ കൗൺസിലർ കൈയ്യേറ്റം ചെയ്തതു സംബന്ധിച്ച് എന്ന് പരാതിയിൽ പറയുന്നുണ്ടെ

ങ്കിലും, ഈ കാര്യത്തിൽ വർഷം ഏത്, ഫയൽ നമ്പർ ഏത്, മറ്റേതെങ്കിലും വിധത്തിലുള്ള രേഖകൾ എന്നിവയോ ആവശ്യപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. പൊതു വിവരാവകാശ അപ്പീൽ അധികാരിയുടെ PIO/TPO/AP/30/12-13 dated 18/06/2012ലെ ഉത്തരവിന്റെ കോപ്പി ഈ മേഖലാ ഓഫീസിൽ PIO ആയ എനിക്ക് ലഭിക്കുന്നത് 25.07.2012 ലാണ്. പ്രസ്തുത ഉത്തരവിൽ 25.07.2012ൽ അടിയന്തിര മറുപടി നൽകണമെന്ന് ഞാൻ ഉത്തരവിട്ടിരുന്നു. എന്നാൽ ഫയൽ ലഭ്യമല്ലാത്തതിനാൽ, സെക്ഷനിൽ നിന്നോ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നോ തുടർ നടപടി ലഭ്യമായില്ല.''

3. ഇതിനുശേഷം കമ്മീഷൻ 06.03.19, 18.10.19 എന്നീ തീയതികളിൽ എറണാകുളം കളക്ടറേറ്റിൽ ഹിയറിംഗ് വച്ചെങ്കിലും, അപ്പീൽ ഹർജിക്കാരനോ, ഒന്നാം എതിർകക്ഷിയോ ഹാജരായില്ല. ഇതു മൂലം ഫയൽ പരിഗണനയ്ക്കെടുത്തില്ല. ഇതേ തുടർന്ന് ഒന്നാം എതിർകക്ഷിയോട് തിരുവനന്തപുരത്ത് കമ്മീഷൻ ആസ്ഥാനത്ത് ഹാജരായി വിശദീകരണം നൽകാൻ കമ്മീഷൻ സമൻസ് അയച്ചു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 05.11.19ൽ കമ്മീഷൻ ആസ്ഥാനത്ത് നേരിട്ടെത്തി വിശദീകരണം നൽകി.

4. ആദ്യ രണ്ട് ഹിയറിങ് നോട്ടീസുകളും യഥാസമയം തനിക്കു ലഭിക്കാതിരുന്നതിനെ തുടർന്നാണ് ആ ദിവസങ്ങളിലെ ഹിയറിംഗിൽ പങ്കെടുക്കാതിരുന്നതെന്ന് ടിയാൻ വിശദീകരണക്കുറിപ്പിൽ പറഞ്ഞു. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയുടെ വിശദ വിവരങ്ങൾ നൽകി, ടിയാന് വിവരങ്ങൾ നൽകാൻ അനുവദിക്കണമെന്നും വിശദീകരണക്കുറിപ്പിൽ പറഞ്ഞു. ഇക്കാര്യങ്ങളെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. ഒന്നാം എതിർകക്ഷി നൽകുന്ന വിശദീകരണം കമ്മീഷൻ മുഖവിലയ്ക്കെടുക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ **അപ്പീൽ ഹർജിക്കാരൻ അയച്ച വിവരാവകാശ അപേക്ഷയുടെ പകർപ്പും ഇതോടൊപ്പം അയക്കുന്നു.** ആയത് പരിശോധിച്ച് ന്യായമായ വിവരങ്ങൾ ഒരു മാസത്തിനകം ടിയാന് നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.